# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2057 18.07.2016 -ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയപാതകളായ എൻ.എച്ച് 49 (ബോഡിമെട്ടു - കുണ്ടന്നൂർ), എൻ. എച്ച് 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മുത്തങ്ങ), എൻ. എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ. എച്ച് 220 (കൊല്ലം - കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട - വണ്ടിപെരിയാർ), എൻ.എച്ച് 185 (അടിമാലി - പൈനാവ് - കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ. എച്ച്.47 ന്റെ വാളയാർ മുതൽ വടക്കുംചേരി വരെയും തൃശ്ശൂർ മുതൽ അരൂർ വരെയുമുള്ള ഭാഗങ്ങൾ 4 വരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കുംചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കോഴിക്കാട് ജില്ലയിൽ മാഹി- വെങ്ങളം മേഖലയിൽ എൻ. എ.എൻ.എച്ച് തലത്തിൽ ഈ കാര്യത്തിൽ മുന്നോട്ട് നീക്കിയ നടപടികൾ വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ മാഹി - വെങ്ങളം മേഖലയിൽ സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും ജില്ലാ ഭരണകൂടവുമാണ് നടപ്പിലാക്കുന്നത്. സർവ്വേ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ ഏറ്റെടുക്കേണ്ട 129 ഹെക്ടറിൽ 67 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 62 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ ഉടനെ പ്രസിദ്ധീകരിക്കുമെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ളത്. അഴിയൂർ വില്ലേജിലെ കെട്ടിടങ്ങളുടെ വില നിശ്ചയിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നു വരുന്നു. ബഹു.മുഖ്യമന്ത്രിയുടേയും വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി ഇതിന്റെ പുരോഗതി സംബന്ധിച്ച് ചർച്ച നടന്നു. മുഖ്യമന്ത്രി ഡൽഹിയിൽ കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ 60% ഭൂമി ഏറ്റെടുത്തു നൽകിയാൽ പ്രവൃത്തി തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**